Rn. KER / 2002 / 8804 വ്യവസായനാദം Registred. KL/KTM/460/2009-11 Retail Price. 5/-
Licence No. KL/CR/KTM/WPP-80/2009-11
July 2009 Vol. No.3 Issue No.4 Reg. No. M2 2008/37732/5
Registered News Paper - Published on 10th of Every Month. Licenced to post without prepayment

# അസോസിയേഷൻ വാർഷിക പൊതുയോഗം






അസോസിയേഷൻ കോട്ടയം ജില്ലാ കമ്മറ്റിയുടെ 33 -ാം മത് വാർഷിക പൊതുയോഗം 26.6.09 ന് കോടിമത അസോസിയേഷൻ ഹാളിൽ നടന്നു.ജില്ലാ പ്രസിഡന്റ് ഡോ. ജോർജ് പി.തോമസ് പെരിഞ്ചേരിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഏബ്രഹാം കുര്യാക്കോസ് 32-ാമത് വാർഷികപൊതുയോഗത്തിന്റെ മിനിറ്റ്സും 2008-09 വർഷത്തെ വാർഷിക റിപ്പോർട്ടും യോഗത്തിൽ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. 2008-09 വർഷത്തെ വാർഷിക വരവുചെലവുകണക്കുകളും യോഗം അംഗീകരിച്ചു. പുതിയ MSME രജിസ്ട്രേഷൻ ഫോമിൽ അസോസിയേഷൻ അംഗമാണോ എന്ന ഓപ്ഷൻ ചേർക്കുക, SIDBI 10 ലക്ഷം രൂപ വരെ നേരിട്ട് വായ്പ അനുവദിക്കുക തുടങ്ങിയ പ്രമേയം യോഗം പാസ്സാക്കി.ഇത് ബന്ധപ്പെട്ട അധികാരികൾക്ക് നല്കുവാൻ തീരുമാനിച്ചു. 2009- 10 വർഷത്തെ ആഡിറ്ററായി M/S. M.K. Kurivilla and co നെ യോഗം നിയമിച്ചു. അംഗങ്ങൾ എഴുതി നല്കിയ ചോദ്യങ്ങൾക്ക് ഭാരവാഹികൾ മറുപടി പറഞ്ഞു. 2009 ലെ SSLC അവാർഡിന് അർഹരായ അൽക്കാ ജോർജ്ജ്, ( D/o George Joseph, Hand J Infomark, Industrial Estate Ettumanoor) എമിൻ പി.എ ( S/o P.S. Abdul Khader, S.S. Polymers, Development Plot, Poovanthuruth ) എന്നിവർക്ക് Dijo Rubbers, Poovanthuruthu സ്പോൺസർ ചെയ്ത ക്യാഷ് അവാർഡ്, അസോസിയേഷൻ നല്കിയ മൊമെന്റോ എന്നിവ പ്രസിഡന്റ് യോഗത്തിൽ വിതരണം ചെയ്തു. യോഗത്തോടനുബന്ധിച്ച് Bank of Baroda ബാങ്കിംഗ് സെമിനാറും IPSR Solutions Ltd ന്റെ KSSIA Kottayam.com എന്ന അസോസിയേഷൻ വെബ്സൈറ്റിനെപ്പറ്റിയുള്ള വിശദീകരണവും ഉണ്ടായിരുന്നു. യോഗാനന്തരം അത്താഴവിരുന്നും നടന്നു.

RN-KER/2002/8804 Edited Printed and Published by President, for KSSIA District Unit & owned by KSSIA, Kottayam.Published from Kottayam, Printed at: Brothers Colour Printers